"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- നാവായിക്കുളം ഗ്രാമപഞ്ചായത്ത്-നാവായിക്കുളം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ജോലി ചെയ്ത ഫാർമസിസ്റ്റിന്റെ ശമ്പളക്കുടിശ്ശിക നല്കാൻ നാവായിക്കുളം ഗ്രാമപഞ്ചായത്തിന് അനുമതി നൽകി - ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.657/2026/LSGD    തീയതി,തിരുവനന്തപുരം, 10-03-2026

---

പരാമർശം:-

1. നാവായിക്കുളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11/7/2025 ലെ 19/1 നമ്പർ തീരുമാനം
2. ശ്രീമതി. ഫൗസിയ.എ.എൽ സമർപ്പിച്ച 04.11.2025 ലെ അപേക്ഷ
3. തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.12.2025-ലെ കത്ത്
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 23.02.2026-ലെ ഖണ്ഡിക 4.22 നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

നാവായിക്കുളം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 04.03.2023 മുതൽ 05.03.2025 വരെ ഫാർമസിസ്റ്റായി ശ്രീമതി. ഫൗസിയ A L കരാറടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നു. PHC യിൽ ഒരു ഡോക്ടറെയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനെയുമാണ് നിയമിക്കാവുന്നത്. ഇതിനു പുറമെയാണ് ഫാർമസിസ്റ്റിനെ നിയമിച്ചിരുന്നത്. അതിനാൽ 2024-25 വർഷം ഫാർമസിസ്റ്റിനെ നിയമിക്കാനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നൽകിയില്ല. പ്രത്യേക അനുമതി സർക്കാരിൽ നിന്ന് ലഭിക്കാത്തതിനാൽ ഏപ്രിൽ 2024 മുതൽ സെപ്റ്റംബർ 2024 വരെ (6 മാസം) ഇവർക്ക് വേതനം നൽകിയില്ല. എന്നാൽ സെപ്റ്റംബർ 2024 മുതൽ 2025 മാർച്ച് വരെ HMC യിൽ നിന്ന് വേതനം നൽകി. 2024 ഏപ്രിൽ മുതൽ 2024 സെപ്റ്റംബർ വരെയുള്ള

വേതനമായി **1,47,120/-** രൂപ നൽകണമെന്നതു സംബന്ധിച്ച വിഷയം പരാമർശം (1) പ്രകാരമുള്ള ഭരണ സമിതി തീരുമാനം, പരാമർശം (2) പ്രകാരമുള്ള ശ്രീമതി. ഫൗസിയ A L അപേക്ഷ, എന്നിവ സഹിതം പരാമർശം (3) ലെ കത്തിന്റെ അടിസ്ഥാനത്തിൽ 23.02.2026 ന് ചേർന്ന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റി പരിഗണനയ്ക്ക് സമർപ്പിക്കുകയുണ്ടായി.

2) 23.02.2026 ന് ചേർന്ന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം പരിശോധിയ്ക്കുകയും പരാമർശം ( 4 ) പ്രകാരമുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ഫൗസിയ ALന്റെ കരാറടിസ്ഥാനത്തിലുള്ള സേവനം PHC-യിൽ ഉപയോഗിച്ച സാഹചര്യത്തിൽ 2024 ഏപ്രിൽ മുതൽ 2024 സെപ്റ്റംബർ വരെയുള്ള 6 മാസത്തെ വേതനമായ **1,47,120/-** **രൂപ (ഒരു ലക്ഷത്തി നാൽപ്പത്തിയേഴായിരത്തി നൂറ്റി ഇരുപത് രൂപ മാത്രം)** HMC-യിൽ നിന്നും നൽകണമെന്നും, HMC-യിൽ ഫണ്ട് ഇല്ലാതെ വന്നാൽ തനത് ഫണ്ടിൽ നിന്നും നൽകാവുന്നതാണെന്നും വ്യവസ്ഥ ചെയ്തു കൊണ്ട് ആവശ്യമായ തുടർനടപടിക്ക് നാവായിക്കുളം ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. സെക്രട്ടറി, നാവായിക്കുളം ഗ്രാമപഞ്ചായത്ത്,തിരുവനന്തപുരം
3. കൺവീനർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പട്ടം ,തിരുവനന്തപുരം
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം
5. ഫൗസിയ. എ.എൽ, ഷാജി നിവാസ്, നാവായിക്കുളം
   പി.ഒ,ഫോൺ-9846207400
6. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ
7. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ&പി ആർ ഡി
8. കരുതൽ ഫയൽ (ഡി.ബി1/97/2026/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 10-03-2026 12:32:48

സെക്ഷൻ ഓഫീസർ